# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2185** **06.02.2019 ൽ മറുപടിയ്ക്ക്**

## അംഗൻവാടി സൂപ്പർവൈസർമാരുടെ നിയമനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. സി.കെ. ശശീന്ദ്രൻ** | | **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** | |
| (എ) | എസ്.എസ്.എൽ.സി. യോഗ്യതയുള്ള അംഗൻവാടി വർക്കർമാർക്ക് സൂപ്പർവൈസർമാരായി സ്ഥാനക്കയറ്റം നൽകുന്നതിന് പരീക്ഷ നടത്തുന്നതിനായി 2008-നുശേഷം പി.എസ്.സി. യോട് സാമൂഹ്യ നീതി വകുപ്പ് ആവശ്യപ്പെട്ടിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | എസ്.എസ്.എൽ.സി.യും 10 വർഷം അങ്കണവാടി വർക്കറായി സേവനമനുഷ്ഠിക്കുകയും ചെയ്യുന്ന അങ്കണവാടി വർക്കർമാരിൽ നിന്നും ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നതിനായി 24.06.2010 ൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയിരുന്നു. 22.10.2010, 26.05.2011 എന്നീ തീയതികളിൽ ടി തസ്തികയിലെ വേക്കൻസികൾ വകുപ്പിൽ നിന്നും പി.എസ്.സി.യിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 23.12.2014 ൽ കാലാവധി കഴിഞ്ഞ പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും എസ്.എസ്.എൽ.സി.യും 10 വർഷ സേവനവുമുള്ള 55 അങ്കണവാടി വർക്കർമാരെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലെ OA 2431/14 നമ്പർ കേസിന്റെ 03.02.2016 തീയതിയിലെ അന്തിമ വിധിയുടെ അടിസ്ഥാനത്തിൽ ഡിഗ്രിയും 10 വർഷ സേവനവുമുള്ള അങ്കണവാടി വർക്കർമാർക്കായി നീക്കിവച്ചിരുന്ന വേക്കൻസികളിലേയ്ക്കു കൂടി നിയമനം നൽകാൻ 10.01.2017 ൽ നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഡയറക്ടറുടെ 23.02.2017 ലെ ഉത്തരവ് പ്രകാരം 55 പേർക്കും സൂപ്പർവൈസറായി നിയമനം നൽകിയിരുന്നു. ഇത്തരത്തിൽ ആകെ 326 പേർക്ക് പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നൽകിയിരുന്നു. അങ്കണവാടി ഡിഗ്രി ക്വോട്ടയിൽ നിന്നും എടുത്ത 55 വേക്കൻസികൾ ഭാവിയിൽ എസ്.എസ്.എൽ.സി. ക്വോട്ടയിൽ ഉണ്ടാകുന്ന വേക്കൻസികളിലേയ്ക്ക് ലയിപ്പിച്ച് സ്പെഷ്യൽ റൂൾ പ്രകാരമുള്ള കേഡർ സ്ട്രെങ്ത് നിലനിർത്തണമെന്ന നിർദ്ദേശം വകുപ്പ് പാലിച്ചതിനാൽ പിന്നെ വിവിധ ഘട്ടങ്ങളിലായി വന്ന 55 ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിഞ്ഞില്ല. മേൽ വിവരിച്ച 55 വേക്കൻസികൾ കിഴിച്ച് ഇപ്പോൾ നിലവിലുള്ള 19 വേക്കൻസികൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (ബി) | 2008-ൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്; | (ബി) | 2008 ൽ എസ്.എസ്.എൽ.സി.യും 10 വർഷം സേവനവും ഉള്ള അങ്കണവാടി വർക്കർമാരിൽ നിന്നും ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തികയിലേയ്ക്ക് ക്വോട്ട നികത്തുന്നതിനായി പി.എസ്.സി. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ല. 24.06.2010 ൽ ആണ് പ്രസ്തുത റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. ആയതിൽ നിന്നും 326 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. |
| (സി) | വനിത-ശിശു വികസന വകുപ്പിൽ അംഗൻവാടി സൂപ്പർവൈസർ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്; | (സി) | ജനറൽ വിഭാഗം, എസ്.എസ്.എൽ.സി.യും 10 വർഷ സേവനവുമുള്ള അങ്കണവാടി വർക്കർ, ബിരുദവും 10 വർഷത്തെ സേവനവുമുള്ള അങ്കണവാടി വർക്കർ എന്നീ മൂന്നു വിഭാഗങ്ങളിലായി നിലവിൽ 71 ഒഴിവുകൾ ഉണ്ട്. ആയതിൽ എസ്.എസ്.എൽ.സി.യും 10 വർഷ അങ്കണവാടി സേവനവുമുള്ള വിഭാഗത്തിൽ 19 ഒഴിവുകൾ നിലവിലുണ്ട്. |
| (ഡി) | പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (ഡി) | പ്രസ്തുത ഒഴിവുകൾ പി.എസ്.സി. വഴി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.